പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1623 21.01.2014 ൽ മറുപടിയ്ക്ക്

**സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷിക മേഖലാ വളർച്ചാനിരക്ക്**

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കഴിഞ്ഞ പത്തു വർഷത്തെ കാർഷികമേഖലാ വളർച്ചാനിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ പഠനത്തിൽ (എക്കണോമിക് റിവ്യൂ-2013) കഴിഞ്ഞ 10 വർഷമായി കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലേക്കുള്ള (GSDP) കാർഷിക മേഖലയുടെ സംഭാവന പ്രകടമായി കുറഞ്ഞുവരുന്നതായി കാണുന്നു. 1990-91 ൽ 26.9% ഉണ്ടായിരുന്ന വിഹിതം 2011-12 ൽ 9.1% ആയി കുറഞ്ഞു. കഴിഞ്ഞ 5 വർഷത്തെ ആഭ്യന്തര ഉത്പാദനത്തിൽ കാർഷിക മേഖലയുടെ സംഭാവന പട്ടിക താഴെകൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | വർഷം | കാർഷികമേഖലയുടെ സംഭാവന |
|---|---|---|
| 1 | 2007-2008 | 13.2 |
| 2 | 2008-2009 | 12.7 |
| 3 | 2009-2010 | 11.5 |
| 4 | 2010-2011 (പ്രൊവിഷണൽ എസ്റ്റിമേറ്റ്) | 10.1 |
| 5 | 2011-2012 (ക്വിക്ക് എസ്റ്റിമേറ്റ്) | 9.1 |

(ബി) കഴിഞ്ഞ പത്തുവർഷങ്ങളിലെ സംസ്ഥാനത്തെ പ്രധാനപ്പെട്ട കാർഷിക വിളകളുടെ ഉൽപ്പാദനം ഓരോ വർഷവും എത്രയായിരുന്നു;

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(സി) ഇക്കാലയളവിൽ പ്രധാന കാർഷിക വിളകളുടെ വിലയുടെ വാർഷിക ശരാശരി എത്രയായിരുന്നു;

(സി) പ്രധാനപ്പെട്ട കാർഷിക വിളകളായ നാളികേരം, കുരുമുളക്, റബ്ബർ, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ജാതിക്ക, ഏലം, അടക്ക, കാപ്പി മുതലായവയുടെ കഴിഞ്ഞ പത്ത് വർഷത്തെ വാർഷിക ശരാശരി വില വിവരം

| | | | |
|---|---|---|---|
| | | | സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | 2011 മെയ് മാസത്തിൽ റബ്ബർ (ക്വിന്റലിന്), നാളികേരം (100 എണ്ണത്തിന്), കുരുമുളക്, ഏലം, അടയ്ക്ക, കശുവണ്ടി(ക്വിന്റലിന്) എന്നിവയുടെ വില എത്രയായിരുന്നു; | (ഡി) | 2011 മെയ് മാസത്തിലെ റബ്ബർ, നാളികേരം, കുരുമുളക്, ഏലം, അടക്ക എന്നിവയുടെ വില വിവരം സംസ്ഥാന കാർഷിക വില നിർണ്ണയബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു. |
| (ഇ) | 2014 ജനുവരിയിൽ റബ്ബർ (ക്വിന്റലിന്), നാളികേരം(100 എണ്ണത്തിന്), കുരുമുളക്, ഏലം,അടയ്ക്ക, കശുവണ്ടി (ക്വിന്റലിന്) എന്നിവയുടെ വില എത്രയാണ്; വ്യക്തമാക്കുമോ? | (ഇ) | 2014 ജനുവരി മാസത്തിലെ റബ്ബർ, നാളികേരം, കുരുമുളക്, ഏലം, അടക്ക എന്നിവയുടെ വില വിവരം സംസ്ഥാന കാർഷിക വില നിർണ്ണയബോർഡിൽ നിന്നും ലഭിച്ചിട്ടുള്ളത് അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്